**കേരളം സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## KEAM-2026

## എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേക്കുള്ള പ്രവേശനം

## സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2026 വർഷത്തെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾക്ക് ഹോം പേജിൽനിന്ന് അലോട്ട്മെന്റ് മെമ്മോ പ്രിന്റ് എടുത്ത് ഉപയോഗിക്കാവുന്നതാണ്. വിദ്യാർഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ, അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അടച്ചതിനുശേഷം, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **26.10.2026 വൈകുന്നേരം 4.00 മണിക്ക് മുമ്പ്**, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകളുമായി ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾ, മത്സ്യത്തൊഴിലാളികളുടെ മക്കൾ, ഒ.ഇ.സി. വിഭാഗങ്ങൾക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായങ്ങളിൽപ്പെട്ട വിദ്യാർഥികൾ, 20.06.2005-ലെ G.O.(Ms) No.25/2005/SCSTDD, 23.05.2014-ലെ G.O.(Ms) No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർഥികൾ, ശ്രീ ചിത്തിര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ വിദ്യാർഥികൾ എന്നിവർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ, ഇത്തരത്തിലുള്ള വിദ്യാർഥികൾ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ. സീറ്റുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം, അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടതാണ്. അത്തരം സാഹചര്യങ്ങളിൽ ഫീസ് ഇളവിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനുവിൽ

ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ് കോളേജ് അധികൃതരുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. നിലവിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർഥികളും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **26.10.2026 വൈകുന്നേരം 4.00 മണിക്ക് മുമ്പ്** പ്രവേശനം നേടിയിരിക്കണം. നിശ്ചിത സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർഥികളുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർഥികളുടെയും, സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റുകളിലൂടെയോ പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർഥികളുടെയും ബാധകമായ രജിസ്ട്രേഷൻ ഫീസ് പിഴയായി കണക്കാക്കുന്നതും തിരികെ നൽകുന്നതല്ലാത്തതുമാണ്. കൂടാതെ, ഇത്തരം വിദ്യാർഥികളിൽനിന്ന് പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712332120**

തിരുവനന്തപുരം
22-10-2026

Digitally signed by
Sameer Kishan
Date: 22-10-2026
16:06:37

**പ്രവേശന പരീക്ഷാ കമ്മീഷണർ**